ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമൺസേറ്ററി പേയ്മെന്റും വേതനവും നിഷേധിക്കുക മുതലായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയതായി ബോധ്യപ്പെട്ട തൊഴിൽ ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് 16 ഐ.ടി. സ്ഥാപനങ്ങളിൽ തൊഴിൽ നിയമ ലംഘനങ്ങൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. അതിൽ ആറ് സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

176 (6881) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിനു കീഴിൽ എത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളതെന്നും ഇവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇവ ഏതൊക്കെ തസ്തികകളിലാണെന്നും വിശദമാക്കാമോ ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം തൊഴിൽ വകുപ്പിന് കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിനു കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ (ഐ.ടി.ഐ.കളുടെ) ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ.കളിൽ താഴെപ്പറയുന്ന ഒഴിവുകളുണ്ട്.

ജൂനിയർ സൂപ്രണ്ട്	-	3
ക്ലാർക്ക്	-	8
ഡ്രൈവർ	-	2
ടൈപ്പിസ്റ്റ്	-	2
ഡ്രസ്സർ	-	2

ജൂനിയർ ഇൻസ്ട്രക്ടർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, വർക്ക്ഷോപ്പ് അറ്റൻഡർ എന്നീ തസ്തികകളിലെ ഒഴിവുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. അവ താഴെപ്പറയുന്നു:-

വൈസ് പ്രിൻസിപ്പൽ	- 1
ജൂനിയർ ഇൻസ്ട്രക്ടർ	- 2
എ.സി.ഡി. ഇൻസ്ട്രക്ടർ	- 1
എൽ.ഡി. ക്ലാർക്ക്	- 3

ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ.-കൾ

177 (6882) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചതും അടച്ചുപൂട്ടിയതുമായ ഐ.റ്റി.ഐ.കളുടെ വിശദവിവരം നല്കുമോ ;

(ബി) കാലോചിതമായ കോഴ്സുകളോടുകൂടിയ ഐ.റ്റി.ഐ.കൾ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഐ.റ്റി.ഐ.കൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിലുള്ള നിലപാടും നയവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട്, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി, മലപ്പുറം ജില്ലയിലെ താഴേക്കോട്, കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി എന്നിവിടങ്ങളിലായി 5 ഐ.റ്റി.ഐ.കളും കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ ഒരു ഐ.റ്റി.ഐ.യും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയിൽ ഒരു ഐ.റ്റി.ഐ.യും (പ്രവർത്തനം ആരംഭിച്ചിട്ടില്ല) ഉൾപ്പെടെ ആകെ 7 ഐ.റ്റി.ഐ.കൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ഐ.റ്റി.ഐ.യും അടച്ചുപൂട്ടിയിട്ടില്ല.

(ബി&സി) നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഐ.ടി.ഐ.കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും

178 (6883) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം അനുവദിച്ച എത്ര ഐ.ടി.ഐ.കൾക്ക് സ്വന്തമായി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly